LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ 7300 മുതൽ 7800 വരെയുള്ള ചെയിനേജിലെ പ്രവൃത്തിക്കായി 12-9-2012-ൽ കരാറുകാരന് സൈറ്റ് കൈമാറിയതാണ്. എന്നാൽ പ്രദേശവാസികളുടെ എതിർപ്പുമൂലം സൈറ്റിൽ പണികൾ നിർത്തിവയ്ക്കേണ്ടിവന്നു. കരാറിലുള്ള ഓപ്പൺ ഫ്ലുമിനു പകരം വെൽ സൈഫൺ വേണമെന്നതായിരുന്നു പ്രദേശവാസികളായ സമരക്കാരുടെ ആവശ്യം. ഉദ്യോഗസ്ഥതലത്തിലും വിവിധ രാഷ്ട്രീയ പ്രതിനിധികളുടെ സാന്നിധ്യത്തിലും സമരക്കാരുമായി പല ചർച്ചകൾ നടത്തിയെങ്കിലും അവർ വഴങ്ങിയില്ല. തുടർന്ന് 2-11-2013-ൽ നടത്തിയ ഏറ്റവും ചർച്ചയിൽ എസ്റ്റിമേറ്റിൽ കുറച്ച് ഭേദഗതികളോടെ നാട്ടുകാരുടെ എതിർപ്പ് രമ്യതയിൽ പറഞ്ഞ് അവസാനിപ്പിച്ചപ്പോഴേക്ക് കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട ഒരു വർഷത്തെ കാലാവധി അവസാനിച്ചിരുന്നു. തുടർന്ന് കരാറുകാരനോട് പണി തുടങ്ങുവാൻ ആവശ്യപ്പെട്ടെങ്കിലും ഈ കാലതാമസംമൂലം പഴയ റേറ്റിൽ പ്രവൃത്തി ചെയ്യാൻ സാധിക്കില്ലായെന്നും പുതുക്കിയ ഡി.എസ്.ആർ. പ്രകാരമുള്ള റേറ്റ് അനുവദിച്ചു തരണമെന്നും കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് പുതുക്കിയ IIP-യുടെ ആക്ഷൻപ്ലാനിൽ (2015-16) ഉൾപ്പെടുത്താനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയിലെ ചെയിനേജ് 7300 മുതൽ 7800 വരെയുള്ള പ്രവൃത്തി സംബന്ധിച്ചാണ് 1455/MP2/15/WRD നമ്പർ ഫയലിൽ പ്രതിപാദിക്കുന്നത്. കരാറുകാരന് മേൽപ്രവൃത്തി പുതുക്കിയ റേറ്റ് പ്രകാരം അനുവദിച്ചുനൽകുമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ പുതുക്കിയ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് വളരെയധികം അധികരിച്ചിരിക്കുന്നതാകയാൽ ഇതിന്റെ അംഗീകാരത്തിനും അഭിപ്രായത്തിനുമായി ഫയൽ ഫിനാൻസ് വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തി 2015-16-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പരപ്പാൽ ബീച്ചിൽ കടൽഭിത്തി നിർമ്മാണം

205 (894) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പരപ്പാൽ ബീച്ചിന്റെ സംരക്ഷണാർത്ഥം കടൽഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബീച്ചിലെ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ WP(C)No.6448/2009(s) റിട്ട് പെറ്റീഷന്മേലുള്ള 17-3-2009-ലെ വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ബീച്ചിൽ സംരക്ഷണ ഭിത്തി അടിയന്തരമായി നിർമ്മിച്ച് ബീച്ചിനെ കടലാക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പരപ്പാൽ അരിയല്ലൂർ ബീച്ചിന്റെ സംരക്ഷണാർത്ഥം കടൽഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ അരിയല്ലൂർ ബീച്ചിലെ പരപ്പാലിൽ ടിപ്പു സുൽത്താൻ റോഡിന്റെ സംരക്ഷണത്തിനുവേണ്ടി 227.00 മീറ്റർ നീളത്തിൽ കോർഭിത്തി നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നിൽകിയിട്ടുണ്ട്.

(ബി) നിലവിലുണ്ട്. കോർഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടില്ല. ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാരം മാത്രമേ പ്രവൃത്തി നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജി.ഒ.(ആർ.ടി.) നമ്പർ 592/09/ഡബ്ല്യു.ആർ.ഡി. തിരുവനന്തപുരം തീയതി 6-6-2009 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ബീച്ചിനെ കടലാക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിനായി 227 മീറ്റർ നീളത്തിൽ കോർ ഭിത്തി നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. കേരള ഹൈക്കോടതിയുടെ വിധിക്ക് വിധേയമായി ഒരു സർവ്വ കക്ഷിയോഗം വിളിച്ചു ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly